**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2246** **21-06-2024 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിലക്കയറ്റം കൊണ്ട് ജനം പൊറുതി മുട്ടുന്നതും സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇന്ധന വില വർദ്ധനവ്, പ്രളയം, വരൾച്ച, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും മൂലമുള്ള കൃത്രിമ ക്ഷാമം എന്നിങ്ങനെ വിവിധ കാരണങ്ങൾ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകാറുണ്ട്. ഇന്ധന വിലവർദ്ധനവും കാർഷിക മേഖലയിലെ ഉൽപ്പാദന മാന്ദ്യവും നിമിത്തം രാജ്യത്താകമാനം അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും, താരതമ്യേന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ താൽക്കാലികമായി നേരിയ വില വർദ്ധന ഉണ്ടായതല്ലാതെ വൻ തോതിലുള്ള വിലക്കയറ്റം പ്രകടമായിട്ടില്ല. മുളക് ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില കേരളത്തിൽ കുറഞ്ഞു വരുന്നതായി കാണാവുന്നതാണ്. |
| (ബി) | എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കൃത്യമായ വിപണി ഇടപെടൽ നടത്തുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം അതാത് ജില്ലാ കളക്ടർ, ഭക്ഷ്യ - കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതു വിതരണ കമ്മീഷണർക്ക് നൽകുകയും ആയതിന്മേൽ ഭക്ഷ്യ പൊതു വിതരണ കമ്മീഷണറുടെ ശുപാർശകൾ സഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല യോഗത്തിൽ സമർപ്പിക്കുകയും ചെയ്യുന്നു.<br><br>ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പന ശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.<br><br>കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ച് ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. |
| (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാനുണ്ടായിരുന്ന കുടിശിക പൂർണ്ണമായും നൽകിയിട്ടുണ്ടോ വ്യക്തമാക്കാമോ? | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**KERALA STATE CIVIL SUPPLIES CORPORATION LIMITED**

**MARKET INTERVENTION OPERATION LOSS AND OVERALL PROFIT/(lOSS) FOR LAST 14 YEARS**

Amount in Crores

| Financial Year | Budget Allocation | Loss on MIO Operations | Reimbursed by GOK | Balance due from GOK | Net loss as per Audited/Provisional Accounts | Amount to be reimbursed by GOK (Lower of MIO Loss (95%) or Loss as per Audited Accounts) | Remarks |
|---|---|---|---|---|---|---|---|
| 1 | | 2 | 3 | 4 | 5 | 6 | 8 |
| 2010-11 | 50.00 | 118.81 | 76.31 | 42.50 | 5.41 | 5.41 | Audited |
| 2011-12 | 50.00 | 164.96 | 118.35 | 46.61 | 39.23 | 39.23 | Audited |
| 2012-13 | 50.00 | 288.55 | 135.00 | 153.55 | 80.90 | 80.90 | Audited |
| 2013-14 | 60.00 | 320.79 | 116.02 | 204.77 | 89.11 | 89.11 | Audited |
| 2014-15 | 65.00 | 257.78 | 70.00 | 187.78 | 107.43 | 107.43 | Audited |
| 2015-16 | 65.00 | 249.21 | 99.00 | 150.21 | 25.91 | 25.91 | Audited |
| 2016-17 | 200.00 | 431.60 | 200.00 | 231.60 | 166.41 | 166.41 | Audited (Excluding Provision for-237.40 Crores) |
| 2017-18 | 200.00 | 446.96 | 200.00 | 246.96 | 106.81 | 106.81 | Audited |
| 2018-19 | 200.00 | 281.93 | 125.00 | 156.93 | 138.60 | 138.60 | Audited |
| **Total** | | **2,560.59** | **1,139.68** | **1,420.91** | **759.81** | **759.81** | |
| **Amount Received in FY 2023-24** | | **-** | **200.00** | **200.00** | **200.00** | **200.00** | |
| **Balance** | | **2,560.59** | **1,339.68** | **1,220.91** | **559.81** | **559.81** | |
| 2019-20 | 150.00 | 322.83 | 50.00 | 272.83 | 105.05 | 105.05 | Provisional |
| 2020-21 | 150.00 | 202.80 | - | 202.80 | 100.54 | 100.54 | Provisional |
| 2021-22 | 150.00 | 270.68 | 75.00 | 195.68 | 95.06 | 95.06 | Provisional |
| 2022-23 | 180.00 | 585.97 | - | 585.97 | 384.97 | 384.97 | Provisional |
| 2023-24 | 190.80 | 346.53 | 157.63 | 188.90 | - | 179.45 | |
| **Total** | | **1,728.81** | **282.63** | **1,446.18** | **685.62** | **865.07** | **-** |
| **Grand Total** | | **4,289.40** | **1,622.31** | **2,667.09** | **1,245.43** | **1,424.88** | |

**Note:**

**1. An amount of Rs. 200 Crore sanctioned during the FY 2023-24 is adjusted against the MIO Losses of audited periods, as the same was sanctioned on the basis of letter sent to Government for releasing fund towards the MIO losses of previous years.**

**2. Net Loss/Profit as per Audited accounts for 2023-24 is not included, as audit has not been completed.**